**ഇ.മെയിൽ**

**DCKNR/1396/2020/DM1**

കലക്ടറേറ്റ് കണ്ണൂർ

തീയ്യതി **16 /04/2020**

**പ്രേഷകൻ**

ജില്ലാ കലക്ടർ

കണ്ണൂർ

**സ്വീകർത്താവ്**

1)എല്ലാ ജില്ലാ ഓഫീസർമാർക്കും

2) എല്ലാ താലൂക്ക് തഹസിൽദാർമാർ

3)എല്ലാ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും

സർ,

വിഷയം:- കോവിഡ് 19-ലോക്ക് ഡൗൺ ഇളവ് നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് തുടർ നടപടികൾക്കായി അയക്കുന്നത് സംബന്ധിച്ച്.

സൂചന:-നം.90/എസ്.എസ്1/2020/പൊഭവ തീയ്യതി 11/04/2020

************************

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു,ലോക്ക് ഡൗൺ ഇളവ് നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ

16/4/2020

ജില്ലാ കലക്ടർക്ക് വേണ്ടി

"മാതൃഭാഷ - മലയാളം"

Break the chain

# കേരള സർക്കാർ

പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

നം.90/എസ്.എസ്.1/2020/പൊഭവ

തീയതി, തിരുവനന്തപുരം,11.04.2020

**സർക്കുലർ**

വിഷയം :- പൊതുഭരണ വകുപ്പ് - കോവിഡ് 19 വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ - ലോക്ക്ഡൗൺ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ ക്രോഡീകരണം - സംബന്ധിച്ച്

കോവിഡ് 19 നിർവ്യാപനം/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടാകെ ലോക്ക്ഡൗൺ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ താഴെപറയും പ്രകാരം ക്രോഡീകരിച്ചിരിക്കുന്നു.

1 കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള താഴെപ്പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെയുള്ള എല്ലാ ഓഫീസുകളും അടച്ചിടേണ്ടതാണ്.

**ലോക്ക്ഡൗണിൽ നിന്നും ഒഴിവാക്കിയിട്ടുള്ള കേന്ദ്ര സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ**

i. കേന്ദ്ര പ്രതിരോധ സായുധ സേനാ വിഭാഗങ്ങൾ
ii. പേ ആന്റ് അക്കൗണ്ട്സ് ഓഫീസ്, സാമ്പത്തിക ഉപദേഷ്ടാക്കൾ, കൺട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ കീഴിലുള്ള ഓഫീസുകൾ (ആവശ്യമായ ഏറ്റവും കുറഞ്ഞ ജീവനക്കാരെ വച്ച്)
iii. പെട്രോളിയം, സിഎൻജി, എൽപിജി, പിഎൻജി, വൈദ്യുതി ഉൽപാദന വിതരണ സ്ഥാപനങ്ങൾ, പോസ്റ്റാഫീസുകൾ തുടങ്ങിയ പൊതുസേവന സ്ഥാപനങ്ങൾ
iv. ദുരന്തനിവാരണ, കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനങ്ങൾ
v. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ
vi. തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, കര അതിർത്തികൾ തുടങ്ങിയിടങ്ങളിലെ കസ്റ്റംസ് ക്ലിയറൻസ്, GSTN, MCA 21 രജിസ്ട്രറി സംവിധാനങ്ങൾ (ആവശ്യമായ ഏറ്റവും കുറഞ്ഞ ജീവനക്കാരെ വച്ച്)
vii. റിസർവ് ബാങ്ക്, റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള സാമ്പത്തിക സ്ഥാപനങ്ങൾ NPCI, CCIL, പേയ്മെന്റ് സിസ്റ്റം ഓപ്പറേറ്റേഴ്സ്, മുതലായവ (ആവശ്യമായ ഏറ്റവും കുറഞ്ഞ ജീവനക്കാരെ വച്ച്)

Scanned by CamScanner

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള താഴെപ്പറയുന്ന സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും അടച്ചിടേണ്ടതാണ്.

**ലോക്ക്ഡൗണിൽ നിന്നും ഒഴിവാക്കിയിട്ടുള്ള വകുപ്പുകൾ / സ്ഥാപനങ്ങൾ**

i. പോലീസ്, ഹോംഗാർഡ്, സിവിൽ ഡിഫൻസ്, അഗ്നിശമന രക്ഷാ സേന, ദുരന്തനിവാരണം, ജയിലുകൾ
ii. ജില്ലാ ഭരണം, ട്രഷറി
iii. വൈദ്യുതി, കുടിവെള്ള വിതരണം, ശുചീകരണം
iv. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള അവശ്യ സർവീസുകളായ ശുചീകരണം, കുടിവെള്ള വിതരണം തുടങ്ങിയവ
v. ന്യൂഡൽഹിയിലെ റസിഡന്റ് കമ്മീഷണറുടെ ഓഫീസ്
vi. വനം വകുപ്പ് സ്ഥാപനങ്ങൾ, മൃഗശാല, നഴ്സറികൾ, വന്യജീവി സങ്കേതങ്ങൾ, കാട്ടുതീ പ്രതിരോധം, പ്ലാന്റേഷനുകളുടെ ജലസേചനം/പെട്രോളിംഗ് തുടങ്ങിയവ
vii. സാമൂഹിക ക്ഷേമ വകുപ്പ്, കുട്ടികൾക്കും വികലാംഗർക്കും മുതിർന്ന പൗരൻമാർക്കും സ്ത്രീകൾക്കും വേണ്ടിയുള്ള സ്ഥാപനങ്ങൾ, ഒബ്സർവേഷൻ വീടുകൾ, പെൻഷൻ വിതരണം
viii. കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാനും താങ്ങു വില നിർണ്ണയിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ
ix. കൃഷി വകുപ്പിന്റെ കീഴിലുള്ള സംഭരണ വിതരണ സ്ഥാപനങ്ങൾ

**സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ**

**(സ.ഉ (സാധാ) 1282/2020/പൊഭവ തീയതി 27.03.2020 ക്രമ നമ്പർ (I) മുതൽ (xxi വരെ)**

i. കൊയ്ത്ത്, കാർഷിക വിളവെടുപ്പ്, സമാഹരണം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കൃഷിവകുപ്പ് ഉദ്യോഗസ്ഥർ
ii. മൃഗാശുപത്രി ജീവനക്കാർ
iii. ചികിത്സയുമായി നേരിട്ട് ബന്ധപ്പെട്ടും കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ടും പ്രവർത്തിക്കുന്ന ആരോഗ്യമേഖലയിലെ ജീവനക്കാർ
iv. ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലുള്ള പരിശോധന സ്ഥാപനങ്ങളിലെ ജീവനക്കാർ
v. സഹകരണവകുപ്പിലെ സാമൂഹ്യ സുരക്ഷ പെൻഷൻ, അവശ്യവസ്തുക്കളുടെ വിതരണം എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളിലെ ജീവനക്കാർ
vi. ജലഗതാഗത വകുപ്പിലെ ആംബുലൻസ് സർവ്വീസ്
vii. ഭക്ഷ്യ-ഉപഭോക്തൃകാര്യ വകുപ്പിലെ വിതരണശൃംഖലയുമായി ബന്ധപ്പെട്ടവർ
viii. പ്രതിരോധ പ്രവർത്തനത്തിനാവശ്യമായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിതരണം, സമാഹരണം എന്നിവയുമായി ബന്ധപ്പെട്ട വ്യവസായവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ
ix. വിവര സാങ്കേതിക വകുപ്പിനു കീഴിൽ കോവിഡ് കൺട്രോൾ റൂം, കോൾ സെന്റർ, ഡാറ്റ സെന്റർ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ
x. അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനവുമായി ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ
xi. നോർക്ക റൂട്ട്സിന്റെ ഭാഗികമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് അവശ്യം വേണ്ട ഉദ്യോഗസ്ഥർ
xii. പൊതുമരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ടവർ

Scanned by CamScanner

- അത്യാവശ്യ ജീവനക്കാരെ നിയോഗിക്കുമ്പോൾ ഭിന്നശേഷിക്കാരായ ജീവനക്കാരെ ഒഴിവാക്കേണ്ടതാണ്.

3 ആശുപത്രികൾ, മൃഗാശുപത്രികൾ, എന്നിവയുമായി ബന്ധപ്പെട്ട എല്ലാ വസ്തുക്കളുടെയും നിർമാണവും, വിതരണവും നടത്തുന്ന പൊതു/സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ - ഡിസ്പെൻസറികൾ, കെമിസ്റ്റുകൾ, ഫാർമസികൾ (ജൻ ഔഷധി കേന്ദ്രങ്ങൾ ഉൾപ്പെടെ) മെഡിക്കൽ ഉപകരണങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾ, ലബോറട്ടറികൾ, ക്ലിനിക്കുകൾ, നഴ്സിങ്ങ് ഹോമുകൾ, ഫാർമസ്യൂട്ടിക്കൽ റിസർച്ച് ലാബുകൾ, ആംബുലൻസ്, മെഡിക്കൽ, ആശുപത്രി, ആരോഗ്യ ജീവനക്കാരുടെ യാത്രാ സൗകര്യം മുതലായവ

4 താഴെപറയുന്ന സ്ഥാപനങ്ങൾ ഒഴികെയുള്ള എല്ലാ വാണിജ്യ / സ്വകാര്യ സ്ഥാപനങ്ങളും അടച്ചിടേണ്ടതാണ്.

**ലോക്ക്ഡൗണിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ**

i റേഷൻ കടകൾ, കൺസ്യൂമർഫെഡ്, സപ്ലൈകോ സ്ഥാപനങ്ങൾ, പഴം, പച്ചക്കറികൾ, ഭക്ഷ്യ വസ്തുക്കൾ, പലവ്യഞ്ജനങ്ങൾ, പാൽ, പാലുൽപ്പന്നങ്ങൾ, മീൻ, ഇറച്ചി, കാലിത്തീറ്റ, വളം, വിത്തുകൾ, കീടനാശിനികൾ എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ/കടകൾ (ജില്ലാ അധികാരികൾ കഴിയുന്നതും ഹോം ഡെലിവറി പ്രോൽസാഹിപ്പിക്കേണ്ടതും പൊതുജനങ്ങളുടെ വീടിനു പുറത്തേക്കുള്ള യാത്ര നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. ഈ സ്ഥാപനങ്ങൾ **26.03.2020 ലെ സ.ഉ. (കൈ) 51/2020/പൊഭവ** ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണി വരെ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ).

ii ബാങ്കുകൾ, ഇൻഷ്വറൻസ് സ്ഥാപനങ്ങൾ, എ.ടി.എമ്മുകൾ, ബാങ്കിങ്ങ് പ്രവർത്തനങ്ങൾക്കാവശ്യമായ വിവര സാങ്കേതിക വിദ്യാ സ്ഥാപനങ്ങൾ, ബാങ്കിങ്ങ് കറസ്പോണ്ടന്റ്, എ.ടി.എം പ്രവർത്തനവുമായി ബന്ധപ്പെട്ട ഏജൻസികൾ.

iii പ്രിന്റ്/ഇലക്ട്രോണിക് മാധ്യമങ്ങൾ

iv ടെലികമ്മ്യൂണിക്കേഷൻസ്, ഇന്റർനെറ്റ് സർവീസ്, ബ്രോഡ്കാസ്റ്റിംഗ്, കേബിൾ സർവീസ്, ഐ.ടി സർവീസുകൾ (അവശ്യ സർവീസുകൾ). ഈ സർവീസുകൾ പരമാവധി 'Work from home' നയം സ്വീകരിക്കേണ്ടതാണ്.

v ഇ-കൊമേഴ്സുമായി ബന്ധപ്പെട്ട് അവശ്യ വസ്തുക്കൾ ഭക്ഷ്യ, ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ

vi പെട്രോൾ പമ്പുകൾ, എൽ.പി.ജി. പെട്രോളിയം, പാചക വാതകത്തിന്റെ റീടെയ്ൽ & സ്റ്റോറേജ് ഔട്ട് ലെറ്റുകൾ

vii വൈദ്യുതി ഉൽപ്പാദനം, വിതരണം എന്നിവ സംബന്ധിച്ച സ്ഥാപനങ്ങളും സേവനങ്ങളും

viii SEBI നോട്ടിഫൈ ചെയ്ത ക്യാപ്പിറ്റൽ / ഡെബ്റ്റ് മാർക്കറ്റ് സർവീസുകൾ

ix കോൾഡ് സ്റ്റോറേജ് / വെയർ ഹൗസിങ്ങ് സർവീസുകൾ

x പ്രൈവറ്റ് സെക്യൂരിറ്റി സർവീസുകൾ

xi സർക്കാർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഡേറ്റ/കാൾ സെന്ററുകൾ

Scanned by CamScanner

xiii. റവന്യൂ വകുപ്പിലെ ദുരന്തനിവരാണ സംവിധാനവുമായി ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ

xiv. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളിൽ ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ

xv. സാമൂഹ്യനീതി വകുപ്പിന്റെ വയോജന കേന്ദ്രങ്ങൾ, സമാന സ്ഥാപനങ്ങൾ, അങ്കണവാടികൾ

xvi. ഭിന്നശേഷിക്കാരുടെ ക്ഷേമം, ട്രാൻസ്ജൻഡർമാർക്കുള്ള സ്നേഹോമുകൾ എന്നിവയുമായി ബന്ധപ്പെട്ടവർ

xvii. കോവിഡുമായി ബന്ധപ്പെട്ട് യാത്രാസൗകര്യങ്ങളൊരുക്കുന്ന മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ

xviii. അച്ചടിവകുപ്പിനു കീഴിലുള്ള ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിയുമായി ബന്ധപ്പെട്ട് ജോലി നിർവ്വഹിക്കുന്നതിന് ഏറ്റവും അവശ്യം വേണ്ട ഉദ്യോഗസ്ഥർ

xix. കോവിഡ്-19-മായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള ജീവനക്കാരും അതിൽ പങ്കാളികളാകുന്ന കുടുംബശ്രീ ഉൾപ്പടെയുള്ള വിവിധ വിഭാഗങ്ങളിലെ ജീവനക്കാർ

xx. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ Essential Commodities Act-ന്റെ പരിധിയിൽ പെടുന്നവയുടെയും മറ്റ് സാധനങ്ങളുടെയും വിലശേഖരണം, Consumer Price Index തയ്യാറാക്കുന്നതിനുള്ള വിലശേഖരണം എന്നിവ ഫോൺ മുഖേന ശേഖരിക്കേണ്ടതാണ്. ഒഴിവാക്കാനാവാത്ത സന്ദർഭത്തിൽ മാത്രം ഫീൽഡ് സർവ്വേ നടത്തേണ്ടതാണ്.

xxi. സെക്രട്ടേറിയറ്റിലെ ഭരണനിർവ്വഹണത്തിനായി റവന്യൂ ദുരന്തനിവാരണം, പൊതുഭരണ (പൊളിറ്റിക്കൽ), പൊതുഭരണ (രഹസ്യ വിഭാഗം), തദ്ദേശസ്വയംഭരണം, ആരോഗ്യ-കുടുംബക്ഷേമം, ആഭ്യന്തരം, ഗതാഗതം, ഭക്ഷ്യപൊതുവിതരണം എന്നീ വകുപ്പുകളിൽ 'എ', 'ബി' കാറ്റഗറിയിലെ ഒരോ ഉദ്യോഗസ്ഥരുടെ സേവനം എല്ലാ ദിവസവും ഉണ്ടായിരിക്കണം. ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പിലെ സാനിറ്റേഷൻ, സെക്യൂരിറ്റി, മറ്റ് അടിയന്തര സ്വഭാവമുള്ള ജോലികൾ നിർവ്വഹിക്കുന്നവരും നിർദ്ദേശാനുസരണം ഹാജരാകേണ്ടതാണ്.

xxii. എക്സൈസ് വകുപ്പ് **(സ.ഉ (കൈ) 52/2020/പൊഭവ തീയതി 30.03.2020)**

xxiii. കടിവെള്ള വിതരണവും ഡാമുകളിലെ ജലനിരപ്പ് ക്രമീകരണവുമായി ബന്ധപ്പെട്ട ജലസേചനവകുപ്പ് ജീവനക്കാർ **(സ.ഉ (കൈ) 68/2020/പൊഭവ തീയതി 08.04.2020)**

xxiv. സർക്കാർ അതിഥി മന്ദിരങ്ങൾ കൊറോണ നിർവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അടിയന്തര ആവശ്യങ്ങൾക്കായി മാത്രം പ്രവർത്തിക്കുന്നതാണ്.

- മുകളിൽ സൂചിപ്പിച്ചിട്ടുള്ള വകുപ്പുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഏറ്റവും കറവ് ജീവനക്കാരെ മാത്രമേ നിയോഗിക്കുവാൻ പാടുള്ളൂ.
- അടിയന്തര സാഹചര്യമുണ്ടായാൽ പകരം ഉദ്യോഗസ്ഥരെ ചുമതല ഏൽപ്പിക്കുന്ന കാര്യം എല്ലാ വകുപ്പ് സെക്രട്ടറിമാർ/വകുപ്പ്/ജില്ലാ മേധാവികൾ മുൻകൂട്ടി ഉറപ്പുവരുത്തേണ്ടതാണ്. തുറന്നു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ആവശ്യമായ ശുചീകരണപ്രവർത്തനങ്ങളും ജീവനക്കാർക്ക് സാനിട്ടൈസർ ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഉറപ്പുവരുത്തേണ്ടതാണ്.
- ഇതിനുപുറമേ ചീഫ് സെക്രട്ടറിക്ക് ഏതൊരു ഉദ്യോഗസ്ഥനെയും അടിയന്തര സാഹചര്യത്തിൽ വിളിച്ചുവരുത്താവുന്നതാണ്. ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോൾ നഗരാതിർത്തിയിൽ താമസിക്കുന്നവരെ മാത്രം പരിഗണിക്കേണ്ടതും അതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

Scanned by CamScanner

അവശ്യ വസ്തുക്കൾ, അവയു[illegible]
യൂണിറ്റുകൾ

ii കൽക്കരി, ധാതു നിർമ്മാണം, അവയുടെ വിതരണം, മൈനിങ്ങുമായി ബന്ധപ്പെട്ട സ്ഫോടക വസ്തുക്കൾ മറ്റ് ഉപകരണങ്ങൾ എന്നിവയുടെ വിതരണം

iii ഭക്ഷ്യ ഉപകരണങ്ങൾ, മരുന്നുകൾ, ഫാർമസ്യൂട്ടിക്കൽ മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ

iv വളങ്ങൾ, വിത്തുകൾ, കീടനാശിനികൾ, അണുനാശിനികൾ എന്നിവയുടെ നിർമ്മാണ പാക്കേജിങ്ങ് / വിതരണ യൂണിറ്റുകൾ

v പ്ലാന്റേഷനുകൾ ഉൾപ്പെടെയുള്ള തേയില വ്യവസായ സ്ഥാപനങ്ങൾ ഇവ പരമാവധി 50% തൊഴിലാളികളെ മാത്രം ഉൾപ്പെടുത്തി പ്രവർത്തനം നടത്തേണ്ടതാണ്.

vi ഏലം, കോഫി, കശുവണ്ടി, പാമോയിൽ, ഗ്രാമ്പു എന്നീ പ്ലാന്റേഷനുകൾ
**(സ.ഉ (കൈ) 59/2020, തീയതി 03.04.2020)**

vii റബ്ബർ / സർജിക്കൽ കൈയ്യുറകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫാക്ടറികൾ, റബ്ബർ പ്ലാന്റേഷനുകളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ
**(സ.ഉ (കൈ) 70/2020, തീയതി 09.04.2020 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി)**

viii കളിമൺ ജോലിയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ഒരു വർഷത്തേക്കുള്ള മണ്ണ് സംഭരിക്കുന്നതിനുള്ള പ്രവർത്തി, തൊഴിലാളികളുടെ എണ്ണം പരമാവധി കുറച്ച് നിർവ്വഹിക്കാവുന്നതാണ്.
**(സ.ഉ (കൈ) 71/2020, തീയതി 10.04.2020)**

ix ബീഡി തൊഴിലാളികൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ സ്ഥാപനങ്ങളിൽ നിന്നും വീട്ടിലേക്കെത്തിക്കുന്നതിനും തെറുത്ത ബീഡികൾ വീട്ടിൽ നിന്നും തിരികെ സ്ഥാപനങ്ങളിലേക്കെത്തിക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ പരമാവധി ജീവനക്കാരെ കുറച്ച് തുറന്നു പ്രവർത്തിക്കാവുന്നതാണ്.
**(സ.ഉ (കൈ) 71/2020, തീയതി 10.04.2020)**

x കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ചവറ
ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, ചവറ
ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി
ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കോട്ടയം
മലബാർ സിമന്റ്സ് ലിമിറ്റഡ്, പാലക്കാട്
ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കളമശ്ശേരി എന്നീ സ്ഥാപനങ്ങൾ
**(സ.ഉ (കൈ) 60/2020, തീയതി 04.04.2020 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി)**

xi തുടർ പ്രവർത്തനം ആവശ്യമുള്ള പ്രൊഡക്ഷൻ യൂണിറ്റുകൾ [സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങിയതിനു ശേഷം മാത്രം പ്രവർത്തനം നടത്തേണ്ടതാണ്.]

Scanned by CamScanner

xii കാർഷിക വൃത്തികളിലേർപ്പെടുന്ന തൊഴിലാളികൾ/കർഷകർ/ഫാം കർഷകർ

xiii ഫാം മെഷിനറീസുമായി ബന്ധപ്പെട്ട Custom Hiring Centres (CHC)

xiv കാർഷിക ഉപകരണങ്ങൾ, സ്പെയർ പാർട്സുകൾ, റിപ്പയർ കടകൾ

xv ട്രക്കുകൾ റിപ്പയറിംഗുമായി ബന്ധപ്പെട്ട ദേശീയ പാതകളിലെ വർക്ക് ഷോപ്പുകൾ

xvi മത്സ്യബന്ധന അക്വാകൾച്ചർ വ്യവസായങ്ങൾ - ഇവയുടെ തീറ്റ, പരിപാലനം, വിളവെടുപ്പ്, പാക്കേജിങ്ങ്, വിൽപ്പന, മാർക്കറ്റിങ്ങ്, ഹാച്ചറികൾ, മത്സ്യ,മത്സ്യ വിഭവങ്ങളുടെ ചരക്ക് നീക്കം, മത്സ്യതീറ്റ കൃഷി ഉൾപ്പെടെയുള്ള എല്ലാ അനുബന്ധ പ്രവർത്തനങ്ങളും.

xvii ടൂ വീലർ ഉൾപ്പെടെയുള്ളവയുടെ റിപ്പയറിങ്ങുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പുകൾ വ്യാഴാഴ്ചയും, ഞായറാഴ്ചയും രാവിലെ 10 മണിമുതൽ 5 മണിവരെ മാത്രം തുറന്നു പ്രവർത്തിക്കേണ്ടതാണ്.

**(സ.ഉ.(കൈ) നം. 67/2020/പൊ.ഭ.വ തീയതി 8.4.2020)**

xvii മൊബൈൽ ഫോൺ, കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സർവീസ് സെന്ററുകൾ, മൊബൈൽ ഫോൺ റീച്ചാർജിങ്ങ് സെന്ററുകൾ എന്നിവ ഞായറാഴ്ച രാവിലെ 10 മണിമുതൽ 5 മണിവരെ മാത്രം തുറന്നു പ്രവർത്തിക്കേണ്ടതാണ്. **(സ.ഉ (കൈ) നം. 66/2020, തീയതി 8/4/2020)**

xix അംഗീകൃത ഇലക്ട്രീഷ്യൻമാർ, പ്ലംബർമാർ എന്നിവർക്ക് വീടുകളിലും ഫ്ലാറ്റുകളിലും അടിയന്തിര അറ്റകുറ്റ പണികൾ നടത്താനും കൈത്തൊഴിലാളികൾക്ക് ഫ്ലാറ്റുകളിലെ അടിയന്തിര അറ്റകുറ്റ പണികൾ നടത്താനുമുള്ള അനുമതി. **(സ.ഉ.(കൈ) 69/2020, തീയതി 9/4/2020)**

xx എയർകണ്ടീഷണർ, ഫാൻ എന്നിവ വിൽക്കുന്ന കടകൾ എല്ലാ ഞായറാഴ്ചയും രാവിലെ പത്തു മണി മുതൽ വൈകുന്നേരം അഞ്ചു മണി വരെയും കണ്ണടകൾ വിൽക്കുകയും റിപ്പയറിംഗ് നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾ എല്ലാ തിങ്കളാഴ്ചയും രാവിലെ പത്തു മണി മുതൽ വൈകുന്നേരം അഞ്ചു മണി വരെയും പ്രവർത്തിക്കാവുന്നതാണ്. **(സ.ഉ.(കൈ) 71/2020, തീയതി 10/4/2020)**

xxi ആശുപത്രി മാലിന്യം ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണം നടത്തുന്ന സ്ഥാപനങ്ങൾ / ഏജൻസികൾ

xxii ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, മിക്സി തുടങ്ങിയവയുടെ റിപ്പയറിംഗ് നടത്തുന്ന കടകൾക്ക് തിങ്കളാഴ്ച ദിവസം രാവിലെ പത്തു മണി മുതൽ വൈകുന്നേരം അഞ്ചു മണി വരെ തുറന്നു പ്രവർത്തിക്കാവുന്നതാണ്. **(സ.ഉ.(കൈ) 72/2020, തീയതി 10/4/2020)**

xxiii ബുക്ക് ഷോപ്പുകൾ ആഴ്ചയിൽ ചൊവ്വ, വെള്ളി ദിവസങ്ങളിൽ രാവിലെ പത്തു മണി മുതൽ വൈകുന്നേരം അഞ്ചു മണി വരെ തുറന്നു പ്രവർത്തിക്കാവുന്നതാണ്. **(സ.ഉ.(കൈ) 72/2020, തീയതി 10/4/2020)**

xxiv റബ്ബർ തോട്ടങ്ങളിൽ മരങ്ങളുടെ റെയിൻ ഗാർഡ് ചെയ്യാനായി പോകുന്ന തൊഴിലാളികൾക്കുള്ള യാത്രാനുമതി. **(സ.ഉ.(കൈ) 72/2020, തീയതി 10/4/2020)**

xxv സംസ്ഥാന അതിർത്തികൾക്ക് സമീപമുള്ള റസ്റ്റാറന്റുകളിലെ 'Take Away കൗണ്ടറുകൾ' രാത്രി 8 മണി വരെ തുറന്നു പ്രവർത്തിക്കാവുന്നതാണ്. **(സ.ഉ (കൈ) 55/2020/dt. 01.04.2020)**

xxvi റസ്റ്റാറന്റുകളിലെ Take Away കൗണ്ടറുകളിൽ നിന്നുള്ള ഭക്ഷണസാധനങ്ങളുടെ online/door delivery രാവിലെ 7 മണിമുതൽ രാത്രി 9 മണി വരെ പ്രവർത്തിക്കാവുന്നതാണ്. പ്രസ്തുത ഷോപ്പുകളുടെ പ്രവർത്തനം രാത്രി 8 മണിയോടുകൂടി അവസാനിപ്പിക്കേണ്ടതാണ്. **(സ.ഉ (കൈ) 56/2020/dt. 02.04.2020)**

Scanned by CamScanner

6 താഴെപ്പറയുന്നവ ഒഴികെയുള്ള എല്ലാ വ്യോമ, റെയിൽ, റോഡ് ഗതാഗതങ്ങൾ പ്രവർത്തനം നിർത്തേണ്ടതാണ്.

**ലോക്ക്ഡൗണിൽ നിന്നും ഒഴിവാക്കിയിട്ടുള്ളവ**

i. അവശ്യവസ്തുക്കളുടെ വിതരണം
ii. പോലീസ്, ഫയർ സർവീസ്, ആംബുലൻസ് ഉൾപ്പെടെയുള്ള അവശ്യ സർവീസുകൾ
iii. ചരക്ക് നീക്കത്തിനായുള്ള വ്യോമ, റെയിൽ, തുറമുഖ സർവീസുകൾ ഇവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ / ഏജൻസികൾ
iv. കയറ്റുമതിക്കും ആഭ്യന്തര വിതരണത്തിനുമുള്ള ചരക്കുകളുടെ അന്തർ സംസ്ഥാന ഗതാഗതം
v. പെട്രോളിയം ഉൽപ്പന്നങ്ങൾ, എൽ.പി.ജി, ഭക്ഷ്യ വസ്തുക്കൾ, മെഡിക്കൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ സംസ്ഥാന/അന്തർസംസ്ഥാന വിതരണം
vi. കൊയ്ത്ത് യന്ത്രങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉപകരണങ്ങളുടെ സംസ്ഥാന അന്തർ സംസ്ഥാന ഗതാഗതം
vii. വിദേശ പൗരൻമാരുടെ യാത്രാ ക്രമീകരണങ്ങൾ (കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിധേയമായി മാത്രം)

7 ഹോസ്പിറ്റാലിറ്റിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവ ഒഴികെയുള്ള സ്ഥാപനങ്ങൾ അടച്ചിടേണ്ടതാണ്.

**ലോക്ക്ഡൗണിൽ നിന്നും ഒഴിവാക്കിയിട്ടുള്ളവ**

i. ലോക്ക്ഡൗൺ മൂലം ഒറ്റപ്പെട്ടു പോയ ടൂറിസ്റ്റുകൾ, ആരോഗ്യ മെഡിക്കൽ മേഖല ഉൾപ്പെയുള്ള അവശ്യസർവീസ് ജീവനക്കാർ, വിമാന, കപ്പൽ ജീവനക്കാർ തുടങ്ങിയവരെ താമസിപ്പിച്ചിരിക്കുന്ന ഹോട്ടലുകൾ, ലോഡ്ജ കൾ, ഹോംസ്റ്റേകൾ
ii. ക്യാറന്റീൻ സൗകര്യങ്ങൾക്കായി കണ്ടെത്തിയിട്ടുള്ള സ്ഥാപനങ്ങൾ/ഹോട്ടലുകൾ തുടങ്ങിയവ

8. എല്ലാ വിദ്യാഭ്യാസ പരിശീലന, ഗവേഷണ, സ്ഥാപനങ്ങളും, കോച്ചിങ്ങ് സെന്ററുകളും അടച്ചിടേണ്ടതാണ്.

9. എല്ലാ ആരാധനാലയങ്ങളും അടച്ചിടേണ്ടതാണ്. മതപരവും, സാസ്കാരികവുമായ കൂടിച്ചേരലുകൾ അനുവദിക്കുന്നതല്ല.

10. മതപരവും, രാഷ്ട്രീയവും, കായികവും വിനോദവും സാംസ്കാരികവും, അക്കാദമിക പരവുമായ എല്ലാ കൂടിച്ചേരലുകളും നിരോധിച്ചിരിക്കുന്നു.

11. ശവസംസ്കാര ചടങ്ങുകൾക്ക് 20 വ്യക്തികളിൽ കൂടുതൽ ആളുകൾ ഒത്തുചേരുന്നത് അനുവദിക്കുന്നതല്ല.

12. 15.02.2020നു ശേഷം ഇന്ത്യയിൽ എത്തിയിട്ടുള്ള എല്ലാ വ്യക്തികളും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം നിശ്ചിത ദിവസം ക്വാറന്റീന് വിധേയമാകേണ്ടതാണ്. അല്ലാത്തപക്ഷം IPC സെക്ഷൻ 188 പ്രകാരമുള്ള നിയമനടപടികൾ ഇത്തരക്കാർക്കെതിരെ കൈക്കൊള്ളേണ്ടതാണ്.

Scanned by CamScanner

13. ലോക്ക്ഡൗൺ പരിധിയിൽ നിന്നും ഒഴിവാക്കിയ മുകളിൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങൾ / ജീവനക്കാർ / വ്യക്തികൾ എന്നിവർ കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള ആരോഗ്യ വകുപ്പിന്റെ എല്ലാ നിർദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

14. കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള ഈ നിർദേശങ്ങൾ വ്യക്തികളുടെ സഞ്ചാര നിയന്ത്രണവുമായി ബന്ധപ്പെട്ടതാണെന്നും അവശ്യ വസ്തുക്കളുടെ നീക്കവുമായി ബന്ധപ്പെട്ടതല്ല എന്നുമുള്ള വിവരം നടപ്പിലാക്കാൻ ചുമതലപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

15. മുകളിൽ പറഞ്ഞിട്ടുള്ള നിർദേശങ്ങൾ ലംഘിക്കുന്ന ഏതൊരു വ്യക്തിയേയും ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 2005 ലെ 51 മുതൽ 60 വരെയുള്ള വകുപ്പുകൾ, IPC 188-ാം വകുപ്പ് എന്നിവ പ്രകാരമുള്ള നിയമ നടപടികൾക്ക് വിധേയമാക്കേണ്ടതാണ്.

**കുറിപ്പ് :- ലോക്ക്ഡൗൺ മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള സാമൂഹിക അകലം, ശുചിത്വ രീതികൾ എന്നിവ മുകളിൽ പരാമർശിച്ചിട്ടുള്ള ഓരോ പ്രവർത്തികളിലും കർശനമായി നടപ്പിലാക്കേണ്ടതാണ്. ഇവ നടപ്പിലാക്കാനുള്ള ഉത്തരവാദിത്തം അതാത് വകുപ്പ്/ഏജൻസി/സ്ഥാപനങ്ങളുടെ തലവൻമാർക്കായിരിക്കും. ജില്ലാ അധികാരികൾ പ്രസ്തുത നടപടികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.**

**കെ.ആർ.ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് തലവന്മാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ/ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർക്കാർ ആഫീസുകൾക്കും/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner